ഷോപ്സ് ആൻറ് എസ്റ്റാബ്ലിഷ്മെൻറ ബിൽ.

* ൭൫൯. (൧൫൫) ശ്രീ. എ. കെ. ശങ്കുണ്ണി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഏതെല്ലാം പട്ടണങ്ങളിൽ 'ഷോപ്സ് ആൻറ് എസ്റ്റാബ്ലിഷ്മെൻറബിൽ' നടപ്പിൽ വരുത്തിയിട്ടുണ്ട്.

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഇതുവരെ ഈ നിയമം നടപ്പാക്കാതിരുന്നത്;

Sri. Panmpilli Govinda Menon (a) The Shops and Establishment Act has not been enforced.

(*b*) The rules and notifications have to be published before the Act can be enforced, for which steps are being taken.

ശ്രീ. എ. കെ. ശങ്കുണ്ണി: കൊച്ചിയിൽ ഈ നിയമം എന്നാണ് പാസായതെന്ന പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൊച്ചിയിൽ നിയമം പാസായശേഷം തിരുവിതാംകൂർ കൊച്ചി സംയുക്തസ്റ്റേറ്റിനുവേണ്ടി കഴിഞ്ഞ സെഷനിൽ ഒരു ബിൽ പാസാക്കുകയുണ്ടായി.

ശ്രീ. എ. കെ. പാച്ചുപിള്ള: അതുസംബന്ധിച്ച റൂൾസ് തയ്യാറായികഴിഞ്ഞോ:

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: തയാറായിക്കഴിഞ്ഞു എന്നതന്നെ പറയാം.

ശ്രീ. പി. സി. തോമച്ചൻ: അടുത്തകാലത്തുതന്നെ ഈ നിയമത്തിൻറെ ഗുണം അനുഭവിക്കാൻ ഈ നിയമത്തിലടങ്ങിയിട്ടുള്ള തൊഴിലാളികൾക്ക് സാധിക്കുമോ;

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അടുത്തകാലത്തുതന്നെ അതിൻറെ ഗുണം അനുഭവിക്കുന്നതിനുള്ള സന്ദർഭം ഉണ്ടാകുമെന്നു വിചാരിക്കാം.

ശ്രീ. പി. കെ. ഡീവർ: ഇൻറഗ്രേഷനുമായു് ഇതുസംബന്ധിച്ചുള്ള റൂൾസ് തയ്യാറാക്കിയിരുന്നില്ലെ;

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉവ്വ്. എന്നാൽ അതിനുശേഷം ഒരു പുതിയ ലജിസ്ലേഷൻ ഉണ്ടായി.

ഗവണ്മെൻറിലേക്കു എടുത്ത നെല്ല്

* ൭൫൦. (൧൫൫) സാഹിബ് ബഹദൂർ വി: ചേലാടി റാവുത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട സിവിലിംസപ്ലൈസ് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ;

(എ) ൧൯൫൪-ൽ കൊച്ചിയിൽ കൃഷിക്കാരിൽനിന്നും എത്ര പറ നെല്ല് ഗവണ്മെൻറിലേക്കു എടുത്തിട്ടുണ്ട്;

(ബി) പ്രസ്തുത നെല്ല് മുഴുവൻ മില്ലുകളിൽ എത്തിച്ചു കൊടുപ്പാൻ ആരെയാണ് ഏൽപ്പിച്ചിരുന്നത്;

(സി) തലപ്പിള്ളി താലൂക്കിലെ ൧൯൫൫-ലെ നെല്ലുകൊയ്ത് മില്ലുകളിൽ എത്തിക്കുവാൻ ആക്കാണ് കരാറു കൊടുത്തിരുന്നത് എന്നും കരാറിലെ നിശ്ചയങ്ങൾ എന്തെന്നും പറയുമോ;

(ഡി) നിശ്ചയമനുസരിച്ച് കരാറുകാരൻ പ്രവർത്തിക്കുന്നുണ്ടോ;

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: (എ) ൫൫൯,൯൫൫ പറ നെല്ല്

(ബി)

(എ) മുകുന്ദപുരം താലൂക്ക്.

(൧) ശ്രീ. മനവലശ്ശേരി തളിയത്തു് പൈലോതു് പൈലോതു്.

(൨) ശ്രീ. മനവലശ്ശേരി തളിയത്തു് പൈലോതു് ഔസേപ്പു്.

(ബി) തൃശ്ശൂർ താലൂക്ക്.

സി. എം. ഫ്രൈസ് മിൽ.

(സി) തലപ്പിള്ളി താലൂക്ക്.

(൧) ശ്രീ. മാഞ്ഞില ഇറവാച്ചൻ ചാക്കോരു.

(൨) ശ്രീ. പെരിഞ്ഞേരി അന്തോണി പോൾ.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ചിറയൻകീഴ് താലൂക്ക്.

ശ്രീ. ററി. എസ്സ്. നാരായണയ്യർ.

(ഇ) കൊച്ചി കണയന്നൂരും, കൊടുങ്ങല്ലൂർ താലൂക്കും.

സെൻറ് ജോസ്സഫൈസ്മിൽ കോട്ടപ്പുറം.

(സി) കരാറു കൊടുത്തിരുന്നതു് ശ്രീ. ചിറയിലപ്പിള്ളി ജോസഫ് ജോണിനും ശ്രീ. പെരിഞ്ചേരി അന്തോണി പോളിനുമാണു്. കരാറനിശ്ചയം പത്തുപറ കൊള്ളുന്ന ഒരു ചാക്കു നെല്ലിനു് ഒരു രൂപാ അഞ്ചണപ്രകാരം ചാർജിനു മില്ലുകളിൽ എത്തിക്കണമെന്നാണു്

Sri. R. K. Ram: May I know the total quantity procured in Travancore during the last year?

Sri. Panampilli Govinda Menon: Sir, I claim notice

Sri. R. K. Ram: The quantity procurred from the Agasthiswaram and Thovala Taluks?

Sri. Panampilli Govinda Menon: Sir, I claim notice.

ശ്രീ. പി. നാണു: ഒരു പറ നെല്ലു കുത്തിയാൽ എത്ര അരിയാണു് ഏല്പിക്കേണ്ടതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മാരോ പൂവനസരിച്ചും പ്രദേശമനുസരിച്ചും അതിൽ ചില വ്യത്യാസങ്ങൾ വരുത്തുന്നുണ്ടു്.

ശ്രീ. കെ. എ. മാത്യു: കൊച്ചിയിൽ ഇപ്പോൾ നിലവിലിരിക്കുന്ന നെല്ലുകുത്തുസമ്പ്രദായം തിരുവിതാംകൂറിലേക്കും വ്യാപിപ്പിക്കുന്നതിനു ആലോചിക്കുന്നുണ്ടോ;

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അക്കാര്യം ആലോചനയിലിരിക്കുന്നുണ്ടു്.

ശ്രീ. ഇട്ടീര അമ്പുക്കൻ: ഈ കരാറുകാർ കൃഷിക്കാരിൽനിന്നും നേരിട്ടു് നെല്ലു് അളന്നെടുക്കയാണൊ ചെയ്യുന്നതു്;

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നെല്ലു കൊടുക്കുന്നതു ഡിപ്പാർട്ട്മെൻറിൽ നന്നുമാണു്.

ശ്രീ. ഇട്ടീര അമ്പുക്കൻ: സാധാരണ കരാറുകാർ ആണു് നെല്ലു് അളന്നെടുക്കുന്നതെങ്കിലും അങ്ങനെ അളക്കുന്നതിലേക്കു നാഴിയും ഇരുന്നാഴിയും കൂടുതലുള്ള പറ ഉപയോഗിക്കുന്നു എന്നും അറിയാമൊ;

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് എൻെറ ശ്രദ്ധയിൽപ്പെട്ടിട്ടില്ലാ.

ശ്രീ. പി. കെ. ഡീവർ: ഈ മില്ലുകാർ ശരിയായി ഏല്പിക്കേണ്ട അരി ഏല്പിക്കാതെ കാവു വരുത്തിയതിലേക്കുള്ള പണം ഗവൺമെൻറിലേക്കു കിട്ടാനുണ്ടോ;

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ ഉണ്ടെന്നാണു് എൻെറ ഓർമ്മ.

ശ്രീ. പി. കെ. ഡീവർ: അങ്ങനെ കിട്ടാനുള്ളതിനു എത്ര പഴക്കമുണ്ടെന്നു അറിയാമോ;

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: 1948-ലും 1949-ലും ആണെന്നാണു് ഓർമ്മ.

ശ്രീ. പി. കെ. ഡീവർ: അതിലേക്കു് എന്തുനടപടിയാണു് എടുത്തിട്ടുള്ളതെന്നു പറയാമോ;

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു് നോട്ടീസു് വേണം.

സാധുവിദ്യാർത്ഥികൾക്കുള്ള സഹായധനം

* 1. (ക) സാഹിബ് ബഹദൂർ വി. ചേലാടി റാവുത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ

(എ) 1948-49-ൽ തിരുവിതാംകൂർകൊച്ചിരാജ്യങ്ങളിലുള്ള കോളേജുകളിലും ഹൈസ്കൂളുകളിലും പഠിക്കുന്ന സാധുവിദ്യാർത്ഥിനി വിദ്യാർത്ഥികൾക്കു് സഹായധനമായി ആകെ എത്രയുക ഗവൺമെൻറ് അനുവദിച്ചിട്ടുണ്ടു്;

(ബി) സഹായധനം ലഭിക്കുന്നതിനു് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം എന്തു്;

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പൂർണ്ണവിവരങ്ങൾ കിട്ടിക്കഴിഞ്ഞിട്ടില്ല.

ശ്രീ. കെ. എ. മാത്യു: കോളേജുകളിലും സ്കൂളുകളിലും പഠിക്കുന്ന എക്സ് സർവ്വീസ് സ്റ്റുഡൻസിനു് സഹായധനം കൊടുക്കുന്നുണ്ടോ;

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു് നോട്ടീസു് വേണം.

LIBRARY ARCHIVES Kerala Legislative Assembly